**പതിനാലാം കേരളനിയമസഭ**
**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.5117 27/06/2019-ൽ മറുപടിയ്ക്ക്**

**ഹെൽത്ത് ഇൻസ്പെക്ടർമാരുടെ യൂണിഫോം**

**ചോദ്യം**
**ശ്രീ. എം.ഉമ്മർ**

**ഉത്തരം**
**ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**
**(ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് ഏകീകൃത പൊതുജനാരോഗ്യ നിയമത്തിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് നടപ്പിലാക്കുന്നതിനുള്ള തടസ്സങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേരള പബ്ലിക് ഹെൽത്ത് ബില്ല് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | പൊതുജനാരോഗ്യ വിഭാഗത്തിലെ ഹെൽത്ത് ഇൻസ്പെക്ടർമാർക്ക് യൂണിഫോം അനുവദിച്ചു നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത ഉദ്യോഗസ്ഥർ ജോലി സമയങ്ങളിൽ യൂണിഫോം ധരിക്കാനുള്ള നിർദ്ദേശം നടപ്പിലാക്കുമോ; | (ബി) | ആരോഗ്യ വകുപ്പിലെ ഹെൽത്ത് ഇൻസ്പെക്ടർമാർക്ക് യൂണിഫോം അനുവദിച്ചിട്ടില്ല. |
| (സി) | പൊതുജനാരോഗ്യ വിഭാഗം ജീവനക്കാരെ ഗ്രാമപഞ്ചായത്തുകളിലെ മറ്റ് ജോലികളിൽ നിയമിക്കുന്നതുമൂലം ആരോഗ്യ രംഗത്തെ പ്രവർത്തനങ്ങൾ ഫലപ്രദമായി നടപ്പാക്കാൻ കഴിയാത്ത സാഹചര്യം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | വിലയിരുത്തിയിട്ടുണ്ട്. സംസ്ഥാനത്ത് പ്രധാന ആരോഗ്യ പ്രശ്നമായി മാറുന്ന പകർച്ചവ്യാധികളായ കൊതുകുജന്യ രോഗങ്ങൾ, ജലജന്യ രോഗങ്ങൾ, ജന്തുജന്യ രോഗങ്ങൾ എന്നിവയുടെ പ്രതിരോധത്തിനും നിയന്ത്രണത്തിനും "പ്രതിദിനം പ്രതിരോധം" ലക്ഷ്യമിട്ട് ആരോഗ്യ ജാഗ്രതാ പരിപാടിയിലൂടെ വിവിധ പ്രവർത്തനങ്ങൾ നടന്നു വരികയാണ്. ഇതിന്റെ ഭാഗമായി ഫീൽഡ് തലത്തിൽ കൊതുകിന്റെ ഉറവിടങ്ങൾ നീക്കം ചെയ്യുന്ന ക്യാമ്പയിൻ, തോട്ടം മേഖലകളിൽ ഉറവിടം നശീകരണ ക്യാമ്പയിൻ, ജലദൗർലഭ്യ പ്രദേശങ്ങളിൽ ജലം സുരക്ഷിതമായി സംഭരിക്കുവാനുള്ള ഇടപെടൽ, ഈഡിസ് ഹൈറിസ്ക് പ്രദേശങ്ങളിൽ സംയോജിത |

| | | | |
|---|---|---|---|
| | | | കൊതുക് നിയന്ത്രണം, ജലശുദ്ധീകരണ ക്യാമ്പയിൻ, രോഗം പൊട്ടി പുറപ്പെട്ടാൽ ഊർജിത നിയന്ത്രണം, ഹെൽത്ത് കേരള ക്യാമ്പയിൻ, പകർച്ച വ്യാധികളെപ്പറ്റിയുള്ള ആരോഗ്യബോധവൽക്കരണ പരിപാടികൾ, അതിഥി തൊഴിലാളികളുടെ വാസസ്ഥലങ്ങളിലെ ക്യാമ്പുകൾ, സ്കൂൾ കുട്ടികളുമായി ചേർന്നുള്ള കർമ്മപരിപാടികൾ തുടങ്ങിയ പ്രവർത്തനങ്ങളെല്ലാം തന്നെ പൊതുജനാരോഗ്യ വിഭാഗത്തിലെ ഫീൽഡ് വിഭാഗം ജീവനക്കാരുടെ ചുമതലകളാണ്. ഇതു കൂടാതെ സുസ്ഥിര വികസന ലക്ഷ്യങ്ങൾക്കായുള്ള പ്രവർത്തനങ്ങൾ, (മന്തുരോഗ നിവാരണ പ്രവർത്തനങ്ങൾ, മലമ്പനി നിവാരണ പ്രവർത്തനങ്ങൾ, കുഷ്ഠരോഗ നിവാരണം) ജീവിതശൈലി രോഗങ്ങൾ കണ്ടുപിടിക്കുന്നതിനുള്ള കിരൺ സർവ്വേ തുടങ്ങിയവയും മേൽപ്പറഞ്ഞ ജീവനക്കാരുടെ ചുമതലകളിൽപ്പെടുന്നു. പൊതുജനാരോഗ്യ വിഭാഗത്തിലെ ജീവനക്കാരെ ഗ്രാമ പഞ്ചായത്തുകളിലെ മറ്റ് ജോലികളിൽ നിയമിച്ചാൽ മേൽപ്പറഞ്ഞപ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കും . |
| (ഡി) | ഗ്രാമപഞ്ചായത്തുകളിൽ ആരോഗ്യ വിഭാഗം ജീവനക്കാരെ നിയമിക്കുന്നത് ഏത് ചട്ടപ്രകാരമാണെന്ന് അറിയിക്കുമോ? | (ഡി) | ഗ്രാമപഞ്ചായത്തുകളിൽ ആരോഗ്യ വിഭാഗം ജീവനക്കാരുടെ നിയമനംനടത്തുന്നത് തദ്ദേശ സ്വയം ഭരണ വകുപ്പാണ്. |

സെക്ഷൻ ഓഫീസർ